# 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും**

ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 3 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)
# (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയച്ച 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ (ബിൽ നമ്പർ-278) സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ, 2025 സെപ്റ്റംബർ 22-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 സെപ്റ്റംബർ 30-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 ഒക്ടോബർ 4-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 2</u>

i) (ഡി) ഇനത്തിൽ " അച്ഛൻ, അമ്മ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "പിതാവ്, മാതാവ് " എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

ii) (ഇ) ഇനം താഴെപറയും പ്രകാരം മാറ്റേണ്ടതാണ്.

(ഇ) "ധനകാര്യ സ്ഥാപനം" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും 1934-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്റ്റിന്റെ (1934-ലെ 2-ാം കേന്ദ്ര ആക്റ്റ്) രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു ബാങ്കോ പ്രസ്തുത ആക്റ്റിന്റെ 45 <u>ഐ</u> വകുപ്പ് (എഫ്) ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ സംഘമോ എന്നർത്ഥമാകുന്നതും അതിൽ സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

<u>ഖണ്ഡം 7</u>

ഉപഖണ്ഡം 1-ലെ പട്ടികയിൽ ഇനം(vii)-ൽ " ഓരോ ജില്ലയിൽ നിന്നുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ലീഡ് ബാങ്കിന്റെ ഒരു പ്രതിനിധി" എന്നീ വാക്കുകൾക്ക് പകരം " ലീഡ് ഡിസ്ട്രിക്ട് മാനേജർ " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 8

ഖണ്ഡം 8-ൽ "അപേക്ഷയും" എന്ന വാക്കിന് ശേഷം "നിർണ്ണയിക്കപ്പെട്ട" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഖണ്ഡം 17

ഖണ്ഡം 17-ൽ "പ്രധാന" എന്ന് വരുന്നിടത്തെല്ലാം "അസ്സൽ" എന്ന് ചേർക്കേണ്ടതാണ്.

ഖണ്ഡം 21

i) ഉപഖണ്ഡം (1)-ൽ 'ചെയ്യാവുന്നതാണ് ' എന്ന വാക്കിനുശേഷം ചേർത്തിട്ടുള്ള " ." എന്ന ചിഹ്നത്തിനു പകരം " : " എന്ന ചിഹ്നം ചേർക്കേണ്ടതാണ്.

ii) ഉപഖണ്ഡം (1)-ൽ താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ സമയത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് അപ്പീൽ വാദിയ്ക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അപ്പീൽഅധികാരിയ്ക്ക് ബോധ്യപ്പെടുകയാണെങ്കിൽ, പ്രസ്തുത അധികാരിക്ക് മുപ്പത് ദിവസം അവസാനിച്ചതിനു ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ് ".

ഖണ്ഡം 25

ഉപഖണ്ഡം (2)-ലെ ഇനം (iii) ഒഴിവാക്കേണ്ടതും ശേഷിക്കുന്ന ഇനങ്ങൾ പുനരക്കം ചെയ്യേണ്ടതുമാണ്.

4. മറ്റ് ഭേദഗതികൾ ഘടനാപരമോ ആനുഷംഗികമോ ആണ്.

5. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ അനുബന്ധമായി ചേർക്കുന്നു.

പിണറായി വിജയൻ,

*ചെയർപേഴ്സൺ,*

*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,

2025 ഒക്ടോബർ 6.

അനുബന്ധം

# 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തു വരച്ചതും സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു.]

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനത്തിൽ നിന്ന് ഏക കിടപ്പാടം പണയപ്പെടുത്തി വായ്പയെടുക്കുകയും തിരിച്ചടവ് മുടങ്ങിയതുമൂലം പണയപ്പെടുത്തിയ ഏക കിടപ്പാടം നഷ്ടപ്പെട്ട് കുടുംബങ്ങൾ കുടിയിറക്കപ്പെടുന്ന അവസ്ഥ സംജാതമാകുന്നത് ഒഴിവാക്കുന്നതിനും അങ്ങനെയുള്ളവരുടെ കിടപ്പാടം സംരക്ഷിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഏർപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനത്തിൽ നിന്ന് ഏക കിടപ്പാടം പണയപ്പെടുത്തി വായ്പയെടുക്കുകയും തിരിച്ചടവ് മുടങ്ങിയതുമൂലം പണയപ്പെടുത്തിയ ഏക കിടപ്പാടം നഷ്ടപ്പെട്ട് കുടുംബങ്ങൾ കുടിയിറക്കപ്പെടുന്ന അവസ്ഥ സംജാതമാകുന്നത് ഒഴിവാക്കുന്നതിനും അങ്ങനെയുള്ളവരുടെ കിടപ്പാടം സംരക്ഷിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഏർപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അധ്യായം I

### പ്രാരംഭം

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, വിജ്ഞാപനം ചെയ്യുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അപ്പീൽ" എന്നാൽ ആക്റ്റിന്റെ 21-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്യുന്ന അപ്പീൽ എന്നർത്ഥമാകുന്നു;

(ബി) "കടമെടുത്തയാൾ" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനത്തിൽ നിന്ന് തന്റെയോ ജാമ്യം നൽകിയ ആളിന്റെയോ പേരിലുള്ള ഏക കിടപ്പാടം പണയപ്പെടുത്തി വായ്പ എടുത്തിട്ടുള്ള ആളോ ആളുകളോ എന്നർത്ഥമാകുന്നതും അതിൽ ജാമ്യം നൽകിയ ആൾ ഉൾപ്പെടുന്നതുമാകുന്നു;

(സി) "ജില്ലാതല കിടപ്പാടം സംരക്ഷണസമിതി" എന്നാൽ ആക്റ്റിന്റെ 6-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല കിടപ്പാടം സംരക്ഷണസമിതി എന്നർത്ഥമാകുന്നു;

(ഡി) "കുടുംബം" എന്നാൽ കടമെടുത്തയാളിന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മക്കൾ, <u>പിതാവ്, മാതാവ്</u> എന്നർത്ഥമാകുന്നു;

(ഇ) "ധനകാര്യ സ്ഥാപനം" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും 1934-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്റ്റിന്റെ (1934-ലെ 2-ാം കേന്ദ്ര ആക്റ്റ്) രണ്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു ബാങ്കോ പ്രസ്തുത ആക്റ്റിന്റെ 45<u>ഐ</u> വകുപ്പ് (എഫ്) ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയോ അല്ലെങ്കിൽ 1969-ലെ കേരള സഹകരണ സംഘ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ സംഘമോ എന്നർത്ഥമാകുന്നതും അതിൽ സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) "നിധി" എന്നാൽ ആക്റ്റിന്റെ 25-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന നിധി എന്നർത്ഥമാകുന്നു;

(ജി) "ഗസറ്റ്" എന്നാൽ സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗസറ്റ് എന്നർത്ഥമാകുന്നു;

(എച്ച്) "സർക്കാർ" എന്നാൽ കേരളസർക്കാർ എന്നർത്ഥമാകുന്നു;

(ഐ "വിജ്ഞാപനം" എന്നാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(കെ) "സംസ്ഥാനം" എന്നാൽ കേരളസംസ്ഥാനം എന്നർത്ഥമാകുന്നു;

(എൽ) "സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി" എന്നാൽ ആക്റ്റിന്റെ 13-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി എന്നർത്ഥമാകുന്നു.

## അധ്യായം II

## ഏക കിടപ്പാടം സംരക്ഷിക്കൽ

3. നിർദ്ദേശകതത്വം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച പ്രഖ്യാപനം.—ഈ ആക്റ്റ്, ഭാരതത്തിന്റെ ഭരണഘടനയുടെ 39-ാം അനുച്ഛേദം (ഖ) ഖണ്ഡത്തിൽ പ്രഖ്യാപിച്ചിട്ടുള്ള നിർദ്ദേശകതത്വം സംപ്രാപ്തമാക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ നയം നടപ്പിൽ വരുത്തുന്നതിനാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

4. ഏക കിടപ്പാടം സംരക്ഷണം.—സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനത്തിൽ നിന്ന് ഏക കിടപ്പാടം പണയപ്പെടുത്തി വായ്പ എടുക്കുകയും തിരിച്ചടവ് മുടങ്ങിയതുമൂലം ധനകാര്യസ്ഥാപനം സ്വീകരിച്ചിട്ടുള്ള ജപ്തി അല്ലെങ്കിൽ റിക്കവറി നടപടികളുടെ ഭാഗമായി അങ്ങനെയുള്ള കിടപ്പാടം നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംരക്ഷണം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

5. അർഹതാമാനദണ്ഡങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള സംരക്ഷണം ലഭിക്കുന്ന ആവശ്യത്തിലേക്ക്, താഴെപ്പറയുന്ന അർഹതാമാനദണ്ഡങ്ങൾ ബാധകമായിരിക്കുന്നതാണ്, അതായത്:—

(i) വായ്പ തുക പരമാവധി അഞ്ച് ലക്ഷം രൂപയിൽ കൂടാൻ പാടുള്ളതല്ല;

(ii) വായ്പ തുക, പലിശ, പിഴപ്പലിശ, അനുബന്ധ ചെലവുകൾ ഉൾപ്പെടെയുള്ള ആകെ തിരിച്ചടവ് തുക പരമാവധി പത്തുലക്ഷം രൂപയിൽ കൂടാൻ പാടുള്ളതല്ല;

(iii) പണയപ്പെടുത്തിയ വസ്തു ഒഴികെ കടമെടുത്തയാൾക്കും കുടുംബത്തിനും സ്വന്തം പേരിലോ കൂട്ടായ പേരിലോ മറ്റ് വസ്തുവകകൾ ഉണ്ടായിരിക്കുവാനോ തിരിച്ചടവിനു മറ്റു മാർഗ്ഗങ്ങൾ ഉണ്ടായിരിക്കുവാനോ പാടുള്ളതല്ല;

(iv) കടമെടുത്തയാൾക്കോ കുടുംബത്തിനോ സ്വന്തം പേരിലോ കൂട്ടായ പേരിലോ ഉള്ള ആകെ ഭൂമിയുടെ വിസ്തീർണ്ണം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പത്ത് സെന്റിലും കൂടാൻ പാടുള്ളതല്ല;

(v) കടമെടുത്തയാളിന്റെയും കുടുംബത്തിന്റെയും വാർഷിക മൊത്ത വരുമാനം പരമാവധി മൂന്ന് ലക്ഷം രൂപയിൽ കൂടാൻ പാടുള്ളതല്ല;

(vi) വായ്പ എടുത്ത തീയതിക്കുശേഷം കടമെടുത്തയാളോ കുടുംബാംഗങ്ങളോ തങ്ങളുടെ പേരിലുള്ള ഏതെങ്കിലും വസ്തുവകകൾ കൈമാറ്റം ചെയ്തിരിക്കാൻ പാടുള്ളതല്ല;

(vii) ആനുകൂല്യം ലഭിക്കേണ്ടയാൾ ആധാർ ഉടമയായിരിക്കേണ്ടതാണ്;

(viii) വിദ്യാഭ്യാസം, ചികിത്സ, വിവാഹം, ഭവന നിർമ്മാണം/ഭവന നവീകരണം, കൃഷി, സ്വയം തൊഴിലിനു വേണ്ടിയുള്ള ജീവനോപാധികൾ സ്വരൂപിക്കൽ എന്നീ ആവശ്യങ്ങൾക്ക് ഒഴികെ എടുത്ത വായ്പക്ക് സംരക്ഷണം ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(2) സർക്കാരിന്, വിജ്ഞാപനം മുഖേന, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അർഹതാമാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) തിരിച്ചടവ് ബാധ്യത പൂർണ്ണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുക്കുന്ന സംഗതിയിൽ, ഒരു കുടുംബത്തിന് ഒന്നിൽ കൂടുതൽ തവണ പ്രസ്തുത ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

## അധ്യായം III

## ജില്ലാതല കിടപ്പാടം സംരക്ഷണസമിതി

6. ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ രൂപീകരണം.—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്ക് സർക്കാർ, വിജ്ഞാപനം മുഖേന ഓരോ ജില്ലയിലും ജില്ലാതല കിടപ്പാടം സംരക്ഷണസമിതി രൂപീകരിക്കേണ്ടതാണ്.

7. <u>ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ ഘടന</u>.—(1) ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | ജില്ലാ വികസന കമ്മീഷണർ | - | ചെയർപേഴ്സൺ, എക്സ്-ഒഫിഷ്യോ; |
| (ii) | പ്രിൻസിപ്പൽ കൃഷി ഓഫീസർ | - | അംഗം, എക്സ്-ഒഫിഷ്യോ; |
| (iii) | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | - | അംഗം, എക്സ്-ഒഫിഷ്യോ; |
| (iv) | ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഒരു പ്രതിനിധി | - | അംഗം, എക്സ്-ഒഫിഷ്യോ; |
| (v) | ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം) | - | അംഗം, എക്സ്-ഒഫിഷ്യോ, അദ്ദേഹം ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്; |
| (vi) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സഹകരണ മേഖലയിലും ബാങ്കിംഗ് മേഖലയിലും നിന്നുള്ള ഓരോ പ്രതിനിധി | - | അംഗം, *എക്സ്-ഒഫിഷ്യോ*; |
| (vii) | <u>ലീഡ് ഡിസ്ട്രിക്ട് മാനേജർ</u> | - | അംഗം, *എക്സ്-ഒഫിഷ്യോ.* |

(2) ജില്ലാതല കിടപ്പാടം സംരക്ഷണസമിതിക്ക്, 8-ാം വകുപ്പ് പ്രകാരം ലഭിക്കുന്ന അപേക്ഷ പരിശോധിക്കുന്നതിനും ശിപാർശകൾ നൽകുന്നതിനുമായി ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ അംഗങ്ങളെ ഉൾപ്പെടുത്തി നിർണ്ണയിക്കപ്പെട്ട പ്രകാരം ഉപസമിതികൾ രൂപീകരിക്കാവുന്നതാണ്.

8. <u>അപേക്ഷ</u>.—ഈ ആക്റ്റ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കേണ്ട ഏതൊരാളും, നിർണ്ണയിക്കപ്പെട്ട മാതൃകയിലുള്ള ഒരു അപേക്ഷയും <u>നിർണ്ണയിക്കപ്പെട്ട</u> അനുബന്ധരേഖകളും ജില്ലാതല കിടപ്പാടം സംരക്ഷണസമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

9. <u>ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ അധികാരങ്ങളും ചുമതലകളും</u>.—(1) ജില്ലാതല കിടപ്പാടം സംരക്ഷണസമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) 8-ാം വകുപ്പ് പ്രകാരമുള്ള ഏതൊരു അപേക്ഷയിലും നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രാഥമിക പരിശോധന നടത്തി, ബന്ധപ്പെട്ട കക്ഷികളെയും ധനകാര്യസ്ഥാപന പ്രതിനിധികളെയും കേട്ടുകൊണ്ട്, തിരിച്ചടവ് ബാധ്യതകൾ രമ്യമായി പരിഹരിക്കുന്നതിന് ആവശ്യമായ അനുരഞ്ജന ശ്രമങ്ങൾ നടത്തുന്നതിനും അതിലൂടെ തിരിച്ചടവ് തുക പുനഃക്രമീകരിക്കുന്നതിനോ പലിശ തുകയിൽ ഇളവ് അനുവദിക്കുന്നതിനോ ഗഡുക്കൾ പുനഃക്രമീകരിച്ച് കിട്ടുന്നതിനോ മറ്റേതെങ്കിലും താൽക്കാലിക കടാശ്വാസ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനോ ആവശ്യമായ നടപടികൾ കൈക്കൊള്ളുക;

(ii) കടമെടുത്തയാൾക്കോ കുടുംബാംഗങ്ങൾക്കോ തിരിച്ചടവിനുള്ള മാർഗ്ഗങ്ങൾ ഇല്ലെന്നോ അനുരഞ്ജനത്തിന് സാധ്യതയില്ലെന്നോ ജില്ലാതല കിടപ്പാടം സംരക്ഷണ സമിതിക്ക് ബോദ്ധ്യപ്പെടുന്ന സംഗതിയിൽ, അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, തിരിച്ചടവ് തുക പൂർണ്ണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള ശിപാർശകൾ സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിക്ക് സമർപ്പിക്കുക.

(2) (1)-ാം ഉപവകുപ്പിന്റെ (ii)-ാം ഖണ്ഡപ്രകാരമുള്ള ശിപാർശ നൽകുന്നതിന് മുമ്പായി ജില്ലാതല കിടപ്പാടം സംരക്ഷണസമിതി നിർണ്ണയിക്കപ്പെട്ട രീതിയിലുള്ള അന്വേഷണവിചാരണ നടത്തി, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ചുവടെ പ്രതിപാദിക്കുന്ന രേഖകൾ സഹിതം വിശദമായ ഒരു റിപ്പോർട്ട് സംസ്ഥാനതല കിടപ്പാടം സംരക്ഷണ സമിതിക്ക് സമർപ്പിക്കേണ്ടതാണ് , അതായത് :—

(i) പണയപ്പെടുത്തിയ വസ്തുവിന്റെയും കടമെടുത്തയാളിന്റെയും കുടുംബത്തിന്റെയും പേരിൽ മറ്റു വസ്തുവകകൾ ഉണ്ടെങ്കിൽ അവയുടെയും, നിർണ്ണയിക്കപ്പെട്ട രീതിയിൽ കണക്കാക്കിയ കമ്പോളവില ഉൾപ്പെടെയുള്ള ആസ്തിനിർണ്ണയ സ്റ്റേറ്റ്മെന്റ്;

(ii) കടമെടുത്തയാൾക്കോ കുടുംബത്തിനോ സർക്കാരിന്റെ ഏതെങ്കിലും ഭവനപദ്ധതി പ്രകാരം വീട് ലഭിച്ചിട്ടുണ്ടോ എന്നും അല്ലെങ്കിൽ ഭൂമി പതിച്ച് നൽകിയിട്ടുണ്ടോ എന്നുമുള്ള ബന്ധപ്പെട്ട താലൂക്ക് തഹസിൽദാരുടെ സാക്ഷ്യപത്രം;

(iii) പണയപ്പെടുത്തിയ വസ്തുക്കളുടെ നിലവിലെ കമ്പോളവിലയും ധനകാര്യ സ്ഥാപനത്തിന് തിരിച്ചടവ് ഇനത്തിൽ നൽകേണ്ടതായ തുകയും താരതമ്യം ചെയ്യുമ്പോൾ തിരിച്ചടവ് നടത്തുന്നത് ഗുണകരമാണോ എന്നത് സംബന്ധിച്ച ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ ശിപാർശ;

(iv) തിരിച്ചടവ് ബാധ്യത പൂർണ്ണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുക്കുന്നതിനു പകരം സർക്കാരിന്റെ ഏതെങ്കിലും പുനരധിവാസ പദ്ധതിയിലോ ഭവനപദ്ധതിയിലോ ഉൾപ്പെടുത്തി മറ്റൊരു കിടപ്പാടം ലഭ്യമാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച റിപ്പോർട്ട്;

(v) വായ്പ തിരിച്ചടവ് തടസ്സപ്പെട്ടതിനുള്ള കാരണങ്ങൾ സംബന്ധിച്ച ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ വിലയിരുത്തലുകൾ/കണ്ടെത്തലുകൾ;

(vi) പണയപ്പെടുത്തിയ വസ്തുവിൽ ഉൾപ്പെട്ട ഏക കിടപ്പാടം മാത്രം സംരക്ഷിച്ചുകൊണ്ട് ശേഷിക്കുന്ന വസ്തുക്കൾ/നിർമ്മിതികൾ ജപ്തി അല്ലെങ്കിൽ റിക്കവറി നടപടികൾക്ക് വിധേയമാക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച റിപ്പോർട്ട്;

(vii) സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായും ധനകാര്യസ്ഥാപന പ്രതിനിധികളുമായും ചർച്ച ചെയ്ത് പണയപ്പെടുത്തിയ വസ്തുവിൻമേൽ ധനകാര്യസ്ഥാപനം കൈക്കൊണ്ട നിയമനടപടികൾ ഒഴിവാക്കുന്നതിനും വില്പന നടപടികൾ അവസാനിപ്പിക്കുന്നതിനും കുടിയൊഴിപ്പിക്കാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ആവശ്യമായ മറ്റു ശിപാർശകൾ;

(viii) നിർണ്ണയിക്കപ്പെടാവുന്ന ഇതര രേഖകൾ.

(3) 8-ാം വകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷയിൽ, ജില്ലാതല കിടപ്പാടം സംരക്ഷണസമിതി അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ നടപടി കൈക്കൊള്ളേണ്ടതാണ്:

എന്നാൽ സമയപരിധി ദീർഘിപ്പിക്കുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെന്ന് ജില്ലാതല കിടപ്പാടം സംരക്ഷണസമിതി ചെയർപേഴ്സണ് ബോദ്ധ്യപ്പെടുന്നപക്ഷം, അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പതിനഞ്ച് പ്രവൃത്തിദിവസങ്ങൾ കൂടി അനുവദിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

10. <u>ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ ആസ്ഥാനം</u>.—ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ ആസ്ഥാനം ജില്ലാ കളക്ടറേറ്റിൽ ആയിരിക്കുന്നതാണ്.

11. <u>ഉദ്യോഗസ്ഥരും ജീവനക്കാരും</u>.—ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിർണ്ണയിക്കപ്പെട്ട പ്രകാരം നിയോഗിക്കാവുന്നതാണ്.

12. യോഗം, ക്വാറം, നടപടിക്രമം മുതലായവ.—ജില്ലാതല കിടപ്പാടം സംരക്ഷണ സമിതിയുടെ യോഗം, ക്വാറം, അതിന്റെ നടപടിക്രമം മുതലായവ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്.

## അധ്യായം IV

## സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി

13. സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ രൂപീകരണം.—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്ക് സർക്കാർ, വിജ്ഞാപനം മുഖേന സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി രൂപീകരിക്കേണ്ടതാണ്.

14. സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ ഘടന.—സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | - | ചെയർപേഴ്സൺ, *എക്സ്-ഒഫിഷ്യോ*; |
| (ii) | കേരളസംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി | - | അംഗം, *എക്സ്- ഒഫിഷ്യോ*; |
| (iii) | അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ് | - | അംഗം, *എക്സ്-ഒഫിഷ്യോ*; |
| (iv) | സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ഒരു പ്രതിനിധി | - | അംഗം, *എക്സ്-ഒഫിഷ്യോ;* |
| (v) | കേരള ബാങ്കിന്റെ ഒരു പ്രതിനിധി | - | അംഗം, *എക്സ്-ഒഫിഷ്യോ*; |
| (vi) | ധനകാര്യ വിഭവ സമാഹരണ വകുപ്പ് സെക്രട്ടറി നാമ നിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറി പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ | - | അംഗം, എക്സ്-ഒഫിഷ്യോ, അദ്ദേഹം സംസ്ഥാനതല കിടപ്പാടം സംരക്ഷണ സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്. |

15. സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ അധികാരങ്ങളും ചുമതലകളും.—(1) ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ, പരമാവധി അത് ലഭിച്ച തീയതി മുതൽ അറുപത് പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ, സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി ബന്ധപ്പെട്ട കക്ഷികളെ കേട്ടശേഷം അപേക്ഷ അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ അപേക്ഷ പുനഃപരിശോധന നടത്തുന്നതിന് ജില്ലാതല കിടപ്പാടം സംരക്ഷണസമിതിക്ക് നിർദ്ദേശം നൽകിക്കൊണ്ടോ രേഖാമൂലമുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(2) അപേക്ഷ പുനഃപരിശോധിക്കാൻ ജില്ലാതല കിടപ്പാടം സംരക്ഷണസമിതിക്ക് നിർദ്ദേശം നൽകിയിട്ടുള്ള സംഗതിയിൽ, പ്രസ്തുത നിർദ്ദേശം ലഭിച്ച് മുപ്പത് പ്രവൃത്തിദിവസങ്ങൾക്കുള്ളിൽ ജില്ലാതല കിടപ്പാടം സംരക്ഷണസമിതി അതിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിക്ക് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിന് പുറമേ, നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്, അതായത്:—

(i) തിരിച്ചടവ് പൂർണ്ണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുത്ത് ധനകാര്യസ്ഥാപനത്തിന്റെ ബാധ്യത ഒഴിപ്പിച്ച് കിടപ്പാടം വീണ്ടെടുക്കുക;

(ii) സർക്കാരിന്റെ ഏതെങ്കിലും പുനരധിവാസ പദ്ധതിയിലോ ഭവന പദ്ധതിയിലോ ഉൾപ്പെടുത്തി മറ്റൊരു കിടപ്പാടം ലഭ്യമാക്കുക;

(iii) 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡപ്രകാരം ജില്ലാതല കിടപ്പാടം സംരക്ഷണസമിതി നടപടി കൈക്കൊണ്ടില്ലെന്നോ കൈക്കൊണ്ട നടപടിയിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെന്നോ ഉള്ള ഒരു പരാതി ലഭിച്ചാൽ പ്രസ്തുത പരാതി പരിശോധിച്ച് ആവശ്യമായ തുടർനടപടി സംബന്ധിച്ച നിർദ്ദേശങ്ങൾ ജില്ലാതല കിടപ്പാടം സംരക്ഷണസമിതിക്ക് നിർണ്ണയിക്കപ്പെട്ട സമയപരിധിക്കുള്ളിൽ നൽകുക;

(iv) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് തീരുമാനങ്ങൾ.

16. തിരിച്ചടവ് സംബന്ധിച്ച നടപടികൾ.—(1) ആക്റ്റിന്റെ 15-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡപ്രകാരം തിരിച്ചടവ് തുക, പൂർണ്ണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള തിരിച്ചടവ് തുക ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന ധനകാര്യസ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിനുള്ള ബാധ്യത സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) തിരിച്ചടവ് തുക ധനകാര്യസ്ഥാപനത്തിന് നൽകി ജപ്തി അല്ലെങ്കിൽ റിക്കവറി നടപടികൾ അവസാനിപ്പിക്കുന്ന സംഗതിയിൽ, പണയപ്പെടുത്തിയ വസ്തുവിന്റെ ആധാരം

ഉൾപ്പെടെയുള്ള എല്ലാ രേഖകളും ധനകാര്യസ്ഥാപനത്തിൽനിന്ന് മടക്കിവാങ്ങി അവ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ പക്കൽ താൽക്കാലികമായി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ബാധ്യത സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(3) ജപ്തി അല്ലെങ്കിൽ റിക്കവറി നടപടികൾ പൂർണ്ണമായും അവസാനിക്കുന്ന സംഗതിയിൽ, നിർണ്ണയിക്കപ്പെട്ട നിബന്ധനകൾക്കു വിധേയമായി, പണയപ്പെടുത്തിയ വസ്തുവിന്റെ ആധാരവും അനുബന്ധ രേഖകളും ഉടമയ്ക്ക് മടക്കിനൽകേണ്ട ബാധ്യത സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

17. ജാമ്യം നൽകിയ ആളിനെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—അസ്സൽ കടക്കാരന് തിരിച്ചടവിനുള്ള മാർഗ്ഗങ്ങൾ ഉണ്ടായിരിക്കുകയും അദ്ദേഹം തിരിച്ചടവ് നടത്താതിരിക്കുകയും ജാമ്യവ്യവസ്ഥകൾ മൂലം ജാമ്യം നൽകിയ ആളിന്റെ ഏക കിടപ്പാടം നഷ്ടപ്പെടാവുന്ന സ്ഥിതി ഉണ്ടാവുകയും തിരിച്ചടവ് തുക പൂർണ്ണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുക്കുകയും ചെയ്യുന്ന സംഗതിയിൽ, തിരിച്ചടവ് തുക നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പലിശയും അനുബന്ധ ചെലവുകളും സഹിതം 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റ് (1968-ലെ 15) പ്രകാരം ഭൂമിയിന്മേലുള്ള കരകുടിശ്ശികയെന്നപോലെ അസ്സൽ കടക്കാരനിൽ നിന്ന് ഈടാക്കിയെടുക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

18. സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ ആസ്ഥാനം.—സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കുന്നതാണ്.

19. ഉദ്യോഗസ്ഥരും ജീവനക്കാരും.—സംസ്ഥാനതല കിടപ്പാടം സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സർക്കാരിന്, നിർണ്ണയിക്കപ്പെട്ട പ്രകാരം നിയോഗിക്കാവുന്നതാണ്.

20. യോഗം, ക്വാറം, നടപടിക്രമം മുതലായവ.—സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ യോഗം, ക്വാറം അതിന്റെ നടപടിക്രമം മുതലായവ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്.

## അധ്യായം V

## അപ്പീൽ

21. അപ്പീൽ.—(1) സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ തീരുമാനത്തിൽ സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും, പ്രസ്തുത തീരുമാനം സംബന്ധിച്ച അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തിദിവസങ്ങൾക്കകം, ചീഫ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡീഷണൽ ചീഫ് സെക്രട്ടറി മുൻപാകെ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും, രീതിയിലും അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്:

എന്നാൽ സമയത്തിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യാതിരുന്നതിന് അപ്പീൽ വാദിയ്ക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന് അപ്പീൽ അധികാരിയ്ക്ക് ബോധ്യപ്പെടുകയാണെങ്കിൽ, പ്രസ്തുത അധികാരിക്ക് മുപ്പത് ദിവസം അവസാനിച്ചതിനു ശേഷവും അപ്പീൽ സ്വീകരിക്കാവുന്നതാണ്

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ അധികാരി, അപ്പീൽവാദിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിക്കൊണ്ട് അപ്പീൽ ലഭിച്ച തീയതി മുതൽ മുപ്പത് പ്രവൃത്തിദിവസങ്ങൾക്കകം അപ്പീലിൽ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ അധികാരി കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കുന്നതാണ്.

## അധ്യായം VI

## കണക്കുകൾ, ആഡിറ്റ് മുതലായവ

22. <u>കണക്കുകളും ആഡിറ്റും</u>.—(1) സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി അതിന്റെ ശരിയായ കണക്കുകളും മറ്റു പ്രസക്ത രേഖകളും സൂക്ഷിച്ചുപോരേണ്ടതും അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെട്ട ഫാറത്തിലും, സമയത്തിനുള്ളിലും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓരോ സാമ്പത്തിക വർഷവും ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവ് അക്കൗണ്ടന്റ് ജനറലിന് സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി നൽകേണ്ടതുമാണ്.

(3) ഈ ആക്റ്റിൻ കീഴിലുള്ള സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ കണക്കുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിനോ അദ്ദേഹം നിയോഗിക്കുന്ന മറ്റേതെങ്കിലും ആളിനോ, സാധാരണയായി അക്കൗണ്ടന്റ് ജനറലിന് സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റ് ചെയ്യുമ്പോഴുള്ള അതേ അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും, ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടുന്നതിനും അധികാരമുണ്ടായിരിക്കുന്നതുമാണ്.

(4) അക്കൗണ്ടന്റ് ജനറലോ അദ്ദേഹം ഈ ആവശ്യത്തിലേക്കായി നിയോഗിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെ കണക്കുകൾ, അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം,

സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി ഓരോ സാമ്പത്തിക വർഷവും ഒക്ടോബർ 31-ന് മുമ്പായി സർക്കാരിന് അയച്ചുകൊടുക്കേണ്ടതും, സർക്കാർ, പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

23. ബജറ്റ്.—സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിനു മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്ക് പ്രതീക്ഷിക്കുന്ന വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച ഒരു ബജറ്റ് തയ്യാറാക്കേണ്ടതും നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

24. വാർഷിക റിപ്പോർട്ട്.—(1) സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതി ഓരോ സാമ്പത്തിക വർഷവും മാർച്ച് 31-ന് അവസാനിച്ച മുൻസാമ്പത്തിക വർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ ഒരു വാർഷിക റിപ്പോർട്ട് നിർണ്ണയിക്കപ്പെട്ട ഫാറത്തിലും, സമയത്തിനുള്ളിലും തയ്യാറാക്കേണ്ടതും അത് അങ്ങനെയുള്ള തീയതിക്കോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ റിപ്പോർട്ടും ലഭിച്ചാലുടൻ സർക്കാർ, നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## അധ്യായം VII

## നിധി

25. നിധി.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നശേഷം കഴിയുന്നത്ര വേഗം, പ്രസ്തുത ആക്റ്റിന്റെ ആവശ്യത്തിലേക്ക് സർക്കാർ, വിജ്ഞാപനം മുഖേന, 'കേരള കിടപ്പാടം സംരക്ഷണ നിധി' എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതാണ്.

(2) നിധിയിൽ താഴെപ്പറയുന്ന തുകകൾ വകയിരുത്താവുന്നതാണ്, അതായത്:—

(i) കാലാകാലങ്ങളിൽ സർക്കാർ ഗ്രാന്റ് ഇനത്തിൽ അനുവദിക്കുന്ന തുക;

(ii) വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലഭിക്കാവുന്ന സംഭാവനകൾ;

[***]

(iii) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാലാകാലങ്ങളിൽ സർക്കാർ വകയിരുത്തുന്ന തുക;

(iv) സഹകരണ മേഖലയിൽ നിന്നുള്ള സംഭാവനകൾ;

(v) നിർണ്ണയിക്കപ്പെട്ട മറ്റു മാർഗ്ഗങ്ങളിൽ നിന്നും ലഭിക്കുന്ന തുകകൾ.

(3) നിധിയുടെ സൂക്ഷിപ്പ്, വിനിയോഗം, കൈകാര്യം ചെയ്യൽ മുതലായവ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കുന്നതാണ്.

## അധ്യായം VIII

### പലവക

26. ആക്റ്റിന്റെ ഭരണവകുപ്പ് സംബന്ധിച്ച്.—ഈ ആക്റ്റിന്റെ നടത്തിപ്പിലേയ്ക്കുള്ള ഭരണവകുപ്പ് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ആയിരിക്കുന്നതാണ്.

27. നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്ക്, സർക്കാരിന്, ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയും സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയും പാലിക്കേണ്ട പൊതുവായതോ പ്രത്യേകമായതോ ആയ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

28. ഈ ആക്റ്റ് മറ്റ് നിയമങ്ങൾ പ്രകാരമുള്ള നടപടികളെ പ്രതികൂലമായി ബാധിക്കുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റു നിയമങ്ങൾ പ്രകാരം ധനകാര്യസ്ഥാപനത്തിന് നടപടികൾ സ്വീകരിക്കുന്നതിനുള്ള അവകാശത്തെ യാതൊരു വിധത്തിലും പ്രതികൂലമായി ബാധിക്കുന്നതല്ലാത്തതും ഇത് മറ്റ് നിയമങ്ങൾക്ക് ഭംഗം വരുത്താത്തതും അവയ്ക്ക് പുറമെയുള്ളതായിരിക്കുന്നതുമാണ്.

29. സിവിൽ കോടതിക്കുള്ള അധികാരം ഉണ്ടായിരിക്കുന്നതാണെന്ന്.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും അന്വേഷണത്തിന്റെ ആവശ്യത്തിലേക്ക് ജില്ലാതല കിടപ്പാടം സംരക്ഷണസമിതിക്കും സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിക്കും അപ്പീൽ അധികാരിക്കും താഴെപ്പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ 1908-ലെ സിവിൽ നടപടി നിയമ സംഹിത പ്രകാരം (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനു വേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിനും.

(2) ജില്ലാതല കിടപ്പാടം സംരക്ഷണസമിതിക്കും സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിക്കും അപ്പീൽ അധികാരിക്കും മുൻപാകെയുള്ള ഏതൊരു അന്വേഷണവും,

2023-ലെ ഭാരതീയ ന്യായ സംഹിത (2023-ലെ 45-ാം കേന്ദ്ര ആക്റ്റ്) 229-ാം വകുപ്പിന്റെയും 267-ാം വകുപ്പിന്റെയും അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന ഒരു ജുഡീഷ്യൽ നടപടിയായി കരുതപ്പെടേണ്ടതും, പ്രസ്തുത അധികാരസ്ഥാനങ്ങളെ 2023-ലെ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലെ (2023-ലെ 46-ാം കേന്ദ്ര ആക്റ്റ്) 215-ാം വകുപ്പിന്റെയും XXVIII-ാം അധ്യായത്തിന്റെയും ആവശ്യങ്ങൾക്കായുള്ള ഒരു കോടതിയായി കരുതപ്പെടേണ്ടതുമാണ്.

30. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം</u>.—ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർക്കാരിനോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ ജില്ലാതല കിടപ്പാടം സംരക്ഷണസമിതിയുടെയോ സംസ്ഥാനതല കിടപ്പാടം സംരക്ഷണസമിതിയുടെയോ ചെയർപേഴ്സണോ അംഗങ്ങൾക്കോ ഉദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

31. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുണ്ടാക്കിയ ഏതൊരു ഉത്തരവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

32. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, വിജ്ഞാപനം മുഖേന, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം

ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ പ്രകാരം മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

| | |
|---|---|
| കേരള നിയമസഭാ സെക്രട്ടേറിയറ്റ്, | **ഡോ. എൻ. കൃഷ്ണ കുമാർ,** |
| തിരുവനന്തപുരം, | *സെക്രട്ടറി .* |
| 2025 ഒക്ടോബർ 4 . | |